# സുപ്രഭാതം

04 May 2018

## പിഴല മാതൃകയിൽ കൂടു മത്സ്യകൃഷി

# സി.എം.എഫ്.ആർ.ഐയുടെ പിന്തുണ തേടി മഹാരാഷ്ട്ര

കൊച്ചി: കൂടു മത്സ്യകൃഷിയിൽ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) സാങ്കേതിക സഹായം തേടി മഹാരാഷ്ട്ര. സി.എം.എഫ്.ആർ.ഐയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ പിഴലയിലും സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ചെയ്തുവരുന്ന കൂടു മത്സ്യകൃഷി വിജയമാതൃകകൾ നടപ്പിലാക്കുന്നതിനാണ് മഹാരാഷ്ട്രയിലെ ധനകാര്യ ആസൂത്രണ സഹമന്ത്രി ദീപക് കേസാർക്കർ സി.എം.എഫ്.ആർ.ഐയുടെ പിന്തുണ തേടിയത്.

സി.എം.എഫ്.ആർ.ഐയിൽ വിവിധ വകുപ്പ് മേധാവികളുമായി നടന്ന ചർച്ചയിൽ മഹാരാഷ്ട്ര മന്ത്രി സഹായം ആവശ്യപ്പെടുകയായിരുന്നു.

മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിൽ 500 കൂടു മത്സ്യകൃഷി യൂനിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് മഹാരാഷ്ട്ര സർക്കാർ സി.എം.എഫ്.ആർ.ഐക്കു സാമ്പത്തിക സഹായം നൽകുമെന്ന് മന്ത്രി പറഞ്ഞു.

ചർച്ചയിൽ ധാരണയായത് അനുസരിച്ച് സി.എം.എഫ്.ആർ.ഐയിലെ മാരികൾച്ചർ വിഭാഗത്തിലെ ഒരുസംഘം സിന്ധുദുർഗ് ജില്ലയിൽ സന്ദർശനം നടത്തി ജലാശയങ്ങളുടെ പാരിസ്ഥിതിക ഘടകങ്ങൾ വിലയിരുത്തും.

കൃഷി ആരംഭിക്കുന്നതിന് മുൻപായി യോജിച്ച സ്ഥലങ്ങൾ ഏതൊക്കെയെന്ന് പഠനവിധേയമാക്കും. സന്ദർശനത്തിനു ശേഷം വിശദമായ പ്രവർത്തന പദ്ധതി സി.എം.എഫ്.ആർ.ഐ മഹാരാഷ്ട്ര സർക്കാരിനു സമർപ്പിക്കും. മന്ത്രിക്കൊപ്പം സി.എം.എഫ്.ആർ.ഐയിലെത്തിയ മഹാരാഷ്ട്ര ചെറുകിട വ്യവസായ കോർപറേഷൻ ജോ. ഡയരക്ടർ ലീന ബൻസോഡും പിഴലയിലെ കൂടു മത്സ്യകൃഷി യൂനിറ്റുകൾ സന്ദർശിച്ചു.



*മഹാരാഷ്ട്ര ചെറുകിട വ്യവസായ കോർപറേഷൻ ജോയിന്റ് ഡയറക്ടർ ലീന ബൻസോഡ് പിഴലയിലെ കൂടുമത്സ്യ കൃഷി യൂനിറ്റുകൾ സന്ദർശിക്കുന്നു*

പിഴല ദ്വീപിൽ സ്ത്രീകളുടെ കൂടി സജീവ പങ്കാളിത്തത്തിൽ നടന്നുവരുന്ന കൂടു മത്സ്യകൃഷി യൂനിറ്റുകൾ നോക്കിക്കാണുകയും കൃഷി രീതികൾ നേരിട്ടു മനസിലാക്കുകയും ചെയ്തു.

ഏകദേശം ഇരുന്നൂറോളം കൂടുകളിലാണ് പിഴലയിൽ മത്സ്യകൃഷി നടക്കുന്നത്. മഹാരാഷ്ട്രയിലെ കർഷകരുമായി അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് പിഴലയിലെ കൂടുമത്സ്യ കർഷകരെ അവർ മഹാരാഷ്ട്രയിലേക്ക് ക്ഷണിച്ചു.

കൂടു മത്സ്യകൃഷിക്ക് പുറമെ, മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും മഹാരാഷ്ട്ര മന്ത്രി സി.എം.എഫ്.ആർ.ഐയുടെ സഹായം തേടി.

ചെറുകിട ഹാച്ചറികൾ സ്ഥാപിക്കൽ, മുരിങ്ങ, കക്കവർഗങ്ങളുടെ കൃഷി, വിത്തുൽപാദനം, പരിശീലനം തുടങ്ങിയവയ്ക്കും മന്ത്രി സി.എം.എഫ്.ആർ.ഐയുടെ സാങ്കേതിക സഹായം ആവശ്യപ്പെട്ടു.

മഹാരാഷ്ട്ര അഡിഷനൽ പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർ എൻ. വാസുദേവനും മന്ത്രി കേർസാർക്കറിനെ അനുഗമിച്ചു.

ചർച്ചയിൽ സി.എം.എഫ്.ആർ.ഐയെ പ്രതിനിധീകരിച്ച് മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ്, ഫിഷറി റിസോഴ്സസ് അസസ്മെന്റ് വിഭാഗം മേധാവി ഡോ. ടി.വി സത്യാനന്ദൻ, സമുദ്ര ജൈവവൈവിധ്യ വിഭാഗം മേധാവി ഡോ. കെ.കെ ജോഷി, അടിത്തട്ട് മത്സ്യവിഭാഗം മേധാവി ഡോ. പി.യു സക്കറിയ, പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. സി. രാമചന്ദ്രൻ, ഡോ. എ.പി ദിനേശ്ബാബു പങ്കെടുത്തു.